**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:157 16.06.2014 ൽ മറുപടിയ്ക്ക്

**ആറന്മുള വിമാനത്താവളം-ദേശീയ ഹരിത ട്രൈബ്യൂണൽ വിധിയെത്തുടർന്നുള്ള സാഹചര്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.എ.ബേബി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ആറന്മുള വിമാനത്താവളത്തിന് നൽകിയ അനുമതി റദ്ദാക്കിക്കൊണ്ടുള്ള ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തയ്യാറാകുമോ; | (എ) ഹരിത ട്രൈബ്യൂണൽ ആറന്മുള വിമാനത്താവള പദ്ധതിയുടെ പാരിസ്ഥിതിക അനുമതി റദ്ദാക്കി പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പരിഗണിക്കാനുള്ളവയാണ്. |
| (ബി) പദ്ധതി പ്രദേശത്ത് ഒരുതരത്തിലുള്ള പ്രവർത്തനവും നടക്കുന്നില്ലെന്നുറപ്പാക്കിയിട്ടുണ്ടോ; | (ബി) പദ്ധതി പ്രദേശത്ത്, പദ്ധതി നടത്തിപ്പുകാരായ കെ.ജി.എസ് ആറന്മുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനം ഒരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തരുതെന്നാണ് ഉത്തരവ്. ഈ ഉത്തരവ് ലംഘിച്ചതായി റിപ്പോർട്ടില്ല. |

| | |
|---|---|
| (സി) ഈ കേസിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്തായിരുന്നു; അവ, കോടതി തള്ളിക്കളഞ്ഞിട്ടുണ്ടോ; കെ.ജി.എസ്. ഗ്രൂപ്പിനോടൊപ്പം അപ്പീൽ പോകാൻ ഉദ്ദേശമുണ്ടോ; | (സി) സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്ക് അനുരൂപവും, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും എന്നാൽ പാരിസ്ഥിതികമായി ഏറ്റവും കുറഞ്ഞ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ പദ്ധതികൾ നടപ്പാക്കണം എന്നാണ് പരിസ്ഥിതി അനുമതിയുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ നിലപാട്. ഈ നിലപാട് ട്രൈബ്യൂണൽ തള്ളിക്കളഞ്ഞിട്ടില്ല. ആകയാൽ അപ്പീൽ പോകേണ്ട സാഹചര്യമില്ല. |
| (ഡി) എയർപോർട്ട് നിർമ്മാണവുമായി ഇനിയും സഹകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) എയർപോർട്ടുകൾ എ കാറ്റഗറിയിൽ പെടുന്നതായതിനാൽ കേന്ദ്ര സർക്കാരാണ് പാരിസ്ഥിതികാനുമതി നൽകേണ്ടത്. എയർപോർട്ട് നിർമ്മാണത്തിന് നിലവിൽ നിയമപരമായ നിരോധനം ഉള്ളതിനാൽ സംസ്ഥാന സർക്കാർ നിർമ്മാണവുമായി സഹകരിക്കുക എന്ന പ്രശ്നം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ